ഭരണഭാഷ - മാതൃഭാഷ

**ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ പൂർണ്ണ അധിക ചുമതലയുള്ള സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നടപടിക്രമം**
**(ഹാജർ : ശ്രീ. മുഹമ്മദ് അൻസാരി.എം.എ, എം.ടെക്)**

**ഉത്തരവ് നമ്പർ : എച്ച്.ഇ.സി.ഇ/74/2021/ബി1 തീയതി. 05/03/2024**

വിഷയം :- ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് - ജീവനക്കാര്യം - സീനിയർ സൂപ്രണ്ട് തസ്തികയിൽ സ്ഥാനക്കയറ്റം- സ്ഥലംമാറ്റം എന്നിവ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 8/2/2024 തീയതിയിലെ 485 നമ്പരായുള്ള അസാധാരണ ഗസറ്റ് വിജ്ഞാപനം

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എറണാകുളം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ സീനിയർ സൂപ്രണ്ടായ ശ്രീമതി. റസീന സെബാസ്റ്റ്യൻ 29/02/2024-ൽ പ്രായപൂർത്തി പെൻഷനിൽ വിരമിച്ചു നിമിത്തം സീനിയർ സൂപ്രണ്ട് തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. വകുപ്പിലെ ജൂനിയർ സൂപ്രണ്ടുമാരിൽ നിന്നും സ്ഥാനക്കയറ്റം (ബൈട്രാൻസ്ഫർ നിയമനം) നടത്തിയാണ് ടി തസ്തികയിലെ ഒഴിവ് നികത്തേണ്ടത്. ആയതിലേയ്ക്ക് ഡി.പി.സി അംഗീകരിച്ച 2024-ലെ സീനിയർ സൂപ്രണ്ട് തസ്തികയിലെ സ്ഥാനക്കയറ്റത്തിനായുള്ള സെലക്ട് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന സ്ഥാനക്കയറ്റ/സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മദ്ധ്യമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെ സീനിയർ സൂപ്രണ്ട് ശ്രീ.സി.എസ്.സുധാകരനെ(പെൻ.336484) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എറണാകുളം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സീനിയർ സൂപ്രണ്ട് ശ്രീമതി. റസീന സെബാസ്റ്റ്യൻ വിരമിച്ചു വഴിയുണ്ടായ ഒഴിവിൽ സ്ഥലംമാറ്റി നിയമിക്കുന്നു.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ടും പരാമർശ പ്രകാരം പ്രസിദ്ധീകരിച്ച ഡി.പി.സി. സെലക്ട് ലിസ്റ്റിലെ (പാർട്ട്-II, ജൂനിയർ സൂപ്രണ്ട്) രണ്ടാം പേരുകാരനുമായ ശ്രീ.വി.അനീഷിനെ (പെൻ.336224) Rs.(51400-1,10,300) ശമ്പള സ്കെയിലിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ സ്ഥാനക്കയറ്റം നൽകി (ബൈ ട്രാൻസ്ഫർ നിയമനം) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

മദ്ധ്യമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സീനിയർ സൂപ്രണ്ട് ശ്രീ.സി.എസ്.സുധാകരനെ സ്ഥലംമാറ്റി നിയമിക്കുന്നത് വഴിയുണ്ടാകുന്ന ഒഴിവിൽ നിയമിക്കുന്നു. ടിയാൻ തുടർച്ചയായ ഒരു വർഷത്തിനുള്ളിൽ ആറു മാസം പ്രൊബേഷനിൽ ആയിരിക്കുന്നതാണ്.

ഒപ്പ്
ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

മേൽപ്പറഞ്ഞ ഉദ്യോഗസ്ഥർക്ക് (ഓഫീസ് മേധാവി മുഖേന)

പകർപ്പ് :- 1.അക്കൗണ്ടന്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2. സൂപ്രണ്ടിംഗ് എഞ്ചിനീയർ, മദ്ധ്യമേഖല, എറണാകുളം
3. എക്സിക്യൂട്ടീവ് എഞ്ചിനീയർ, എറണാകുളം
4.ഈ കാര്യാലയത്തിലെ എ6/ബി3 സെക്ഷനുകൾക്ക്
5. വെബ്സൈറ്റിലേയ്ക്ക്/സ്റ്റോക്ക് ഫയലിലേയ്ക്ക്

ഉത്തരവിൻപ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

T6/Pr

14